# <u>കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം</u>

**കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പേയ്മെന്റ് പോർട്ടലും e POS മെഷീൻ ഉപയോഗിക്കുന്ന വിധവും പരിശീലന പരിപാടിയിലേക്ക് ജീവനക്കാരെ നിയോഗിച്ച് ഉത്തരവാകുന്നു.**

**ഉത്തരവ്നം പി(ഐറ്റി) 7/2018//കോവിവ(1)** **തീയതി: 11/07/2019**

പരാമർശം : 1. 28/12/2018 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ ഉത്തരവ്
2 . 28/03/2019ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ ഉത്തരവ്
3. 10.04.2019 ലെ 31/2019/ധന നമ്പർ സർക്കാർ സർക്കുലർ

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ കോളേജുകളിലും ഡിജിറ്റൽ പേയ്മെന്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 17 07 .2019 ൽ തിരുവനന്തപുരം പാളയം സർക്കാർ സംസ്കൃത കോളേജ് കാമ്പസിനകത്തുള്ള കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഒറൈസ് സ്റ്റുഡിയോയിൽ വച്ച് എൻ.ഐ.സിയും ഫെഡറൽ ബാങ്കും സംയുക്തമായി നടത്തുന്ന **"പേയ്മെന്റ് പോർട്ടലും e POS മെഷീൻ ഉപയോഗിക്കുന്ന വിധവും"** എന്ന പരിശീലന പരിപാടിയിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിനു പുറമേ ചുവടെ ചേർക്കുന്ന ജില്ലകളിലുള്ള ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ , സർക്കാർ കോളേജുകൾ , ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ നിന്നും അക്കൗണ്ട്സ് സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനെ നിയോഗിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

**രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 01 മണി വരെ**

01.തിരുവനന്തപുരം
02.കൊല്ലം
03.പത്തനംതിട്ട
04.ആലപ്പുഴ
05.കോട്ടയം
06 ഇടുക്കി
07 എറണാകുളം
08 തൃശ്ശൂർ

**ഉച്ചയ്ക്ക് 02 മണി മുതൽ വൈകുന്നേരം 05 മണി വരെ**

01 പാലക്കാട്
02 കോഴിക്കോട്
03 മലപ്പുറം
04 വയനാട്
05 കണ്ണൂർ
06 കാസർകോട്

മേൽ ജില്ലകളിൽ സ്ഥിതി ചെയ്യുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ സ്ഥാപന മേധാവികൾ പ്രസ്തുത പരിശീലന പരിപാടിയിലേക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ് . കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ഇ ഗവേർണൻസ് കോ ഓർഡിനേറ്റർ ഡോ: എസ് ജെ ഷാബു (ഫോൺ:9447303825) ടി പരിശീലന പരിപാടി കോഓർഡിനേറ്റ് ചെയ്യുന്നതായിരിക്കും.

ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവ് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഡൗൺലോഡ് ചെയ്ത് ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും 17 .07 .2019ന് നിർദിഷ്ട സമയത്ത് പരിശീലന കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കേണ്ടതുമാണ്. പ്രസ്തുത പരിശീലന പരിപാടിയിലേക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ യാതൊരു കാരണവശാലും വിട്ടു നില്ക്കാൻ പാടുള്ളതല്ല.

ഒപ്പ് /-

ഡോ: സുമ കെ കെ

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

(ഇൻ ചാർജ്)

പകർപ്പ് :

1. നോഡൽ ഓഫീസർ ഒറൈസ് സ്റ്റഡിയോ
2. ജീവനക്കാര്യം സി സെക്ഷൻ, കോളേജ് വിദ്യാഭ്യാസ വകുപ്പ്
3. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും,സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും, ഹോസ്റ്റൽ വാർഡന്മാർക്കും
4. ഡോ: എസ് ജെ ഷാബു, ഇ ഗവേർണൻസ് കോ ഓർഡിനേറ്റർ
5. നടപ്പ് ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ //

സൂപ്രണ്ട്